(Pages : 4) N – 3761

Reg. No. : .............................

Name : .................................

# First Semester B.A./B.Sc. Degree Examination, June 2022

## First Degree Programme under CBCSS

## Language Course II – Additional Language I – Malayalam

## ML 1111.1 : മലയാളകവിത

## (2020 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ഉണ്ണിയാർച്ചയുടെ സഹോദരനാര്?

2. ശക്തിയുടെ കവി എന്നു വിശേഷിപ്പിക്കപ്പെട്ടതാര്?

3. വെയിൽ തിന്നുന്ന പക്ഷി എന്ന കൃതി രചിച്ചതാര്?

4. ഒക്ടോവിയോ പാസിന്റെ സൺസ്റ്റോൺ എന്ന കൃതിക്കു കടമ്മനിട്ട നല്കിയ പരിഭാഷയേത്?

5. ജരിതയുടെ ഭർത്താവാര്?

6. കുരുക്ഷേത്രം എന്ന ആധുനികകവിത രചിച്ചതാര്?

7. ആരുടെ കവിതകളെയാണു കാച്ചിക്കുറുക്കിയ കവിത എന്നു വിശേഷിപ്പിച്ചത്?

8. ചങ്ങമ്പുഴ രചിച്ച ആരണ്യകവിലാപമേത്?

P.T.O.

9. കൊച്ചുതൊമ്മൻ രചിച്ചതാര്?

10. കൈരളിയുടെ കഥയുടെ കർത്താവാര്?

(10 × 1 = 10 Marks)

II. **ഒരു** ഖണ്ഡികയിൽ ഏതെങ്കിലും **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. വൃദ്ധന്റെ പ്രണയം എപ്രകാരമുള്ളതാണ്?

12. ''ഇത്രയും നേരം മരിച്ചുകിടന്നിട്ടും
ചത്തില ജീവിതമോഹമെന്നോ'' - സൂചിതം വ്യക്തമാക്കുക.

13. അച്ഛനോട് ഉണ്ണിയാർച്ച ചോദിച്ചതെന്ത്?

14. അന്ധകാരത്തെ സൃഷ്ടിച്ചവനെ ദയാവാരാശിയായി വാഴ്ത്തുന്നതെന്തുകൊണ്ട്?

15. ''ദൈവങ്ങളീവിധം ദ്വേഷിച്ചു നില്ക്കുകിൽ
പാവങ്ങളീ ഞങ്ങളെന്തുചെയ്യും'' - ആശയം വ്യക്തമാക്കുക.

16. ''അല്ലായ്കിൽ താതൻ ചെയ്തതൊക്കെ നിഷ്ഫലമല്ലോ'' - സൂചിതമെന്ത്?

17. തണ്ണീരു ചോദിച്ച മുനിയോടു മാതംഗി അമ്പരന്നോതിയതെന്ത്?

18. മനസ്വിനിയുടെ ചികുരഭരം വിലസുന്നതെങ്ങനെ?

19. ''പട്ടിണി പാരിനെത്തിന്നവേ നീ വെള്ള-
പ്പട്ടുകിടക്ക വിടില്ലയെന്നോ?'' - സൂചിതം വ്യക്തമാക്കുക.

20. ''ഇന്നു ഞാൻ താരാട്ടു പാടാം'' - എന്തുകൊണ്ട്?

21. മർദ്ദനമേറ്റു വലഞ്ഞെങ്കിലും കാളിയന്റെ ദൃഢമസ്തകം ഉയരുന്നതെന്തുകൊണ്ട്?

22. ''ഉണ്ണാനുള്ളൊരു ചോറ്റിൽ പട്ടികൾ
നിന്നു ചിലപ്പതു കണ്ടാലോ'' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

23. ''വൃന്ദാവനക്കരിംകൂവളമാലികേ

തന്നാലും നിൻ ദാനത്തൂമരന്ദം'' - സൂചിതമെന്ത്?

24. ദാഹം തീർന്ന ഭിക്ഷുവര്യൻ മാതംഗിയോടു പറഞ്ഞതെന്ത്?

25. പാണനെ തുണകൂട്ടി പോയിട്ടില്ല - ആര്? എവിടെ? സന്ദർഭം വ്യക്തമാക്കുക.

26. ''നിനക്കു നിൻ മാർഗ്ഗം വിഭിന്നമാ-

ണതു ഞാനറിഞ്ഞെന്നുമറിയൂ'' - സൂചിതമെന്ത്?

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. പുത്തൻകലവും അരിവാളും എന്ന രചനയുടെ രാഷ്ട്രീയതലം പരിശോധിക്കുക.

28. ''അത്ര മഹാന്മാർക്കേ ഭൂതദയയിൽനി-

ന്നിത്തരമുണ്ടാവൂ നിർദ്ദയത്വം'' - സന്ദർഭവും ആശയവും വിശദമാക്കുക.

29. ''അദ്വൈതാമലഭാവസ്പന്ദിത

വിദ്യുന്മേഖല പൂകീ ഞാൻ'' - എപ്പോൾ? വിശദമാക്കുക.

30. 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' എന്ന കവിതയിൽ കൃഷ്ണനുമായി ബന്ധപ്പെട്ട പുരാണസൂചനകൾ ഉപയോഗിക്കുന്നതെങ്ങനെ?

31. ജരിതാവിലാപത്തിൽ ധർമ്മത്തിനു നല്കുന്ന പ്രാധാന്യം പരിശോധിക്കുക.

32. 'നിനക്ക്' എന്ന കവിതയിൽ കവി എന്തൊക്കെയാണു വാഗ്ദാനം ചെയ്യുന്നത്?

33. ആത്മാലാപനരീതികൊണ്ടു കാളിയമർദ്ദനം സവിശേഷമാകുന്നതെങ്ങനെ?

34. ഒരു തൈ നടുമ്പോൾ നടുന്നതു തൈ മാത്രമല്ല - വ്യക്തമാക്കുക.

35. മൊബൈൽഫോൺ എന്ന രചനയുടെ ഉള്ളടക്കം പരിശോധിക്കുക.

36. ''ഒന്നല്ലെനിക്കുള്ളൂ പൊന്മകനും

അവനെ പഴുതെ നീ കൊല്ലിക്കല്ലേ'' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

37. അമ്മയെക്കുറിച്ചു കവിക്കുള്ള ഓർമ്മകൾ ഏവ?

38. എലികൾ എന്ന രചനയിലെ ആക്ഷേപഹാസ്യത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. മലയാളകവിതയിലെ കാല്പനികഘട്ടം - ഉപന്യസിക്കുക.

40. ഗോപികാദണ്ഡകം എന്ന രചനയുടെ പ്രമേയപരവും ആവിഷ്കാരപരവുമായ സവിശേഷതകൾ പരിശോധിക്കുക.

41. ചാഞ്ഞു പെയ്യുന്ന മഴ എന്ന കവിതയുടെ അനുഭവലോകം വിശദമാക്കുക.

42. ജാതിയുടെ നിരർത്ഥകതയെ കാവ്യാത്മകമായി വെളിവാക്കുകയാണു ചണ്ഡാലഭിക്ഷുകി - പരിശോധിക്കുക.

43. മലയാളകവിതയിലെ പാരിസ്ഥിതികബോധത്തെക്കുറിച്ച് പാഠഭാഗങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

44. മരണത്തെ ശാന്തവും സൗമ്യവുമായി എതിരേല്ക്കുന്ന കാവ്യാനുഭവം സഫലമീയാത്ര പകരുന്നതെങ്ങനെ?

**(2 × 15 = 30 Marks)**